പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1731 — 14.12.2012- ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയുടെ കാലതാമസം ഒഴിവാക്കാൻ നടപടി**

**ചോദ്യം** — **ഉത്തരം**

**ശ്രീ. കെ.വി. വിജയദാസ്** — **ഡോ. എം.കെ. മുനീർ**

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്താകെ എത്ര കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ; ഇതിലേയ്ക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | 80 കുട്ടികളുടെ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. നാളിതുവരെ 2,35,66,050/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) | സാമൂഹ്യസുരക്ഷാ മിഷനിൽ ക്രമ നം. 324 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള 1 വയസ്സും 9 മാസവും പ്രായമുള്ള മീനു, ടി. എം-ന് എന്നേക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ ; | (ബി) | മീനു. ടി.എം-ന്റെ അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കമ്മിറ്റി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ടാൽ കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് അനുമതി നൽകുന്നതാണ്. |
| (സി) | പ്രസ്തുത ശസ്ത്രക്രിയയ്ക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളുടെ കാര്യത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ശസ്ത്രക്രിയയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളിൽ ടെക്നിക്കൽ കമ്മിററി തിരഞ്ഞെടുക്കുന്ന മുഴുവൻ പേർക്കും കാലതാമസം കൂടാതെ ശസ്ത്രക്രിയ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ